# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:565** **21.11.2019-ൽ മറുപടിയ്ക്ക്**

## കോൾഡ് ചെയിൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ<br>ശ്രീ. കെ.എൻ.എ ഖാദർ<br>ശ്രീ. പി.കെ.അബ്ദു റബ്ബ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യസംസ്കരണത്തിന്റെയും വിപണനത്തിന്റെയും സാധ്യത വർദ്ധിപ്പിക്കുന്നതിനായി കോൾഡ് ചെയിൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) ഉണ്ട്. മത്സ്യസംസ്കരണത്തിന്റെയും വിപണനത്തിന്റെയും സാധ്യത വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ഒരു കോൾഡ് ചെയിൻ ശൃംഖല രൂപീകരിക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 100 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി 2012 സാമ്പത്തിക വർഷത്തിൽ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭ്യമായില്ല. എന്നാൽ മത്സ്യവികസന ബോർഡ്/കേന്ദ്ര സർക്കാർ സഹായത്തോടെ 39 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമായിരുന്നു. ഇതിൽ 36 എണ്ണം ഇതിനോടകം പൂർത്തിയാക്കുകയും 2 എണ്ണം പൂർത്തികരണ ഘട്ടത്തിലും മറ്റൊരെണ്ണം പുരോഗമിച്ചു വരികയുമാണ്. എൻ.എഫ്.ഡി.ബി മുഖേന മത്സ്യമാർക്കറ്റുകളുടെ വികസനത്തിന് 2015 വരെ 90% കേന്ദ്രസഹായം ലഭ്യമായിരുന്നു. എന്നാൽ പിന്നീട് കേന്ദ്രസഹായം 50% മായി കുറയുകയും ബ്ലൂ |

റെവല്യൂഷൻ പദ്ധതിയുടെ ഭാഗമായി മത്സ്യമാർക്കറ്റ് വികസനത്തെ മാറ്റുകയും ചെയ്തു. അനുവദിക്കുന്ന കേന്ദ്ര സഹായത്തിലും കുറവുവരുത്തി ഇതിനുപുറമെ കിഫ്ബി ധനസഹായ ത്തോടെ സംസ്ഥാനത്ത് ഒട്ടാകെ 65 മത്സ്യമാർക്കറ്റുകളുടെ നവീകരണ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ 193.47 കോടി രൂപയുടെ പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ബി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെയും നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെയും സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ബി) കേന്ദ്ര സർക്കാരിന്റെയും നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെയും സാമ്പത്തിക സഹായം ലഭ്യമാകുന്നതിന് ശക്തികുളങ്ങരയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് കോമൺ പ്രീ പ്രോസസ്സിംഗ് സെന്ററിന്റെ നവീകരണ പ്രവൃത്തികൾക്കായുള്ള പ്രൊപ്പോസൽ എൻ.എഫ്.ഡി.ബിയ്ക്ക് സമർപ്പിച്ചിരുന്നെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല.

**സെക്ഷൻ ആഫീസർ**